**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വലപ്പാട് ഗ്രാമപഞ്ചായത്ത് - കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം നിർമ്മാണം - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 43/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 07/01/2019

---

പരാമർശം:-
1. 31/03/2017 തീയതിയിലെ സ.ഉ.(സാധാ) നം.287/2017/സാം.കാ.വ
2. വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 28/02/2018 ലെ സാധാരണ/അടിയന്തര മീറ്റിംഗിലെ 11(1)-ാം നമ്പർ തീരുമാനം.
3. വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16/04/2018 ലെ A2-5819/2017 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 03/10/2018 ലെ PAN/23250/2018-G1(DP) നമ്പർ കത്ത്.
5. വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/11/2018 ലെ A2-5819/2017 നമ്പർ കത്ത്.

**ഉത്തരവ്**

വലപ്പാട് ഗ്രാമ പഞ്ചായത്തിൽ കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം 25,00,000/- രൂപ കുഞ്ഞുണ്ണി മാസ്റ്റർ സ്മാരക സമിതിക്ക് അനുവദിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി വന്നപ്പോൾ തുക 38,12,000/- രൂപ വന്നിട്ടുള്ളതിനാൽ സർക്കാർ ധനസഹായം കഴിച്ച് പോരാതെ വരുന്ന സംഖ്യയിൽ 13,00,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെടുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമായിട്ടുണ്ടെന്നും ആയതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം (3) പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വലപ്പാട് ഗ്രാമ പഞ്ചായത്തിൽ കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായമായ 25,00,000/-രൂപ കഴിച്ച് അധികമായി വരുന്ന 13,00,000/- (പതിമൂന്ന് ലക്ഷം) രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, വലപ്പാട് ഗ്രാമപഞ്ചായത്ത്, വലപ്പാട് പി.ഒ, തൃശ്ശൂർ - 680567
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ